(ബി) മണിയാർ പ്രദേശത്തുള്ള സ്ലഡ്ജ് ലഗൂൺ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കരവാളൂർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തുകളിൽ വിതരണ ശൃംഖലയുടെ പണികൾ ഭാഗികമായി പൂർത്തിയാക്കി ഇപ്പോൾ ജലവിതരണം നടത്തുന്നു. അഞ്ചൽ പഞ്ചായത്തിൽ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ജലവിതരണം സാധ്യമാകുന്ന രീതിയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പണികൾ ഏറ്റെടുത്ത കരാറുകാരൻ (M/s ടെക് പ്രോ ഇൻഫ്രാ പ്രോജക്ട്സ് ലിമിറ്റഡ്, കൊച്ചി) പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇപ്പോഴത്തെ കരാർ അവസാനിപ്പിച്ച് മേൽനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മീനാട് ശുദ്ധജല വിതരണ പദ്ധതിയിൽ പുനലൂർ നഗരസഭ ഉൾപ്പെടുന്നില്ല. ആയതിനാൽ പനംകുറ്റിമലയിലെ പ്ലാന്റിൽ നിന്നും പുനലൂർ നഗരസഭയ്ക്ക് ശുദ്ധജലം എത്തിക്കാൻ പരിമിതികളുണ്ട്.

(ബി) സ്ലഡ്ജ് ലഗൂൺ ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

പുനലൂർ നഗരസഭയിൽ പുതിയ കുടിവെള്ള പദ്ധതി

217 (909) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുനലൂർ നഗരസഭയിൽ 50 വർഷത്തോളം പഴക്കമുള്ള ശുദ്ധജല പദ്ധതിക്ക് പകരമായി പുതിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; ആയതിലേക്കുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ ; ഇതുപ്രകാരമുള്ള അടങ്കൽ തുക വ്യക്തമാക്കുമോ ; പുതിയ ശുദ്ധജല പദ്ധതി എന്ന് പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ പദ്ധതിക്ക് പുനലൂർ നഗരസഭ നൽകാമെന്ന് ഏറ്റിട്ടുള്ള പുതിയ സ്ഥലത്തേയ്ക്കുള്ള അഡീഷണൽ സർവ്വെ ജോലികൾ പൂർത്തീകരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ പൂർത്തീകരണത്തിനുശേഷം മാത്രമേ അടങ്കൽ തുക, പദ്ധതിയുടെ പ്രവർത്തനം, തുടങ്ങുന്ന തീയതി എന്നിവ അറിയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly